## 29

# “നിങ്ങളുടെ ഹൃദയം കലങ്ങരുത്”

## (14:1- 31)

എല്ലാവർക്കും ആശ്വാസം ആവശ്യമാണ്. ദീർഘകാലം മിഷ്ണറി മാരായിരുന്ന ഓട്ടിസും ഭാര്യ ഐറിൻ ഗെയിറ്റ്‌വുഡും വർഷങ്ങൾക്കു മുൻപു കുറച്ചു ദിവസം രാത്രിയിൽ, ഞങ്ങളുടെ വീട്ടിൽ താമസിച്ചു. വളരെകുറച്ചു ഇംഗ്ലീഷ് സംസാരിക്കുന്ന ഒരു ജെർമ്മൻകാരി സ്ത്രീയെയും അവരുടെ കൂടെ കൊണ്ടുവന്നു. ആ സ്ത്രീയെ അവർക്കു കിടക്കുവാനുള്ള മുറി കാണിച്ചു കൊടുക്കുവാൻ ഞങ്ങൾ കൊണ്ടുപോയപ്പോൾ, അവൾ ഞങ്ങളോടു കർട്ടൻ എല്ലാം മാറ്റാമോ എന്നു ചോദിച്ചു. പിന്നെ ചോദിച്ചതു ജനലുകൾ എല്ലാം തുറക്കാമോ എന്നാണ്. പുറത്തു നല്ല തണുപ്പായതുകൊണ്ടു ഇതു തികച്ചും അസാ ധാരണമാണല്ലോ എന്നു ഞങ്ങൾ കരുതി, പക്ഷെ അവളെ സന്തോഷി പ്പിക്കുവാൻ ഞങ്ങൾ അതും ചെയ്തുകൊടുത്തു. അടുത്തദിവസം മിഷ്ണറിമാർ എന്തുകൊണ്ടാണ് ആ സ്ത്രീ അങ്ങനെ ആവശ്യപ്പെട്ടത് എന്നു വ്യക്തമാക്കി. ലോകമഹായുദ്ധം II അവസാനിക്കാറായപ്പോൾ, ജെർമ്മനിയിൽ ആ സ്ത്രീ താമസിച്ച സ്ഥലത്തു ജെർമ്മൻ പടയാളി കളും റഷ്യൻ പടയാളികളും തമ്മിൽ ഉഗ്രപോരാട്ടത്തിലായിരുന്നു. അവർ ഏതാണ്ട് ഒരു മാസത്തോളം അവൾ താമസിച്ച വീടിനു പുറത്തു പീരങ്കികൾ അന്യോന്യം ഷെല്ലുകൾ തൊടുത്തു വിട്ടുകൊണ്ടിരുന്നു, അവിടെ ഒരു ഇരുണ്ട, ജനലുകളില്ലാത്ത ഇരുട്ടറയിൽ, അവൾ താഴെ ഒളിച്ചിരുന്നു. അവളുടെ നവജാതശിശുവിനെയും സംരക്ഷിച്ചു. അതു ഭയാനക കാഴ്ച്ചയായിരുന്നു. ആ സ്ത്രീയും അവളുടെ കുഞ്ഞും പട്ടി ണികിടന്നു മരിക്കാറായിരുന്നു. അവസാനം യുദ്ധം തീരുകയും അവൾ തന്റെ കുഞ്ഞിനേയും കൊണ്ട് രക്ഷപ്പെടുകയും ചെയ്തു. അന്നുമു തൽ അവൾ അത്തരം പ്രകാശമില്ലാത്ത, ശുദ്ധവായുശ്വസിക്കാത്ത മുറി യിൽ, കഴിയുകയില്ല! പ്രയാസപ്പെട്ടു ഒരു മാസത്തോളം അവളുടെ കുഞ്ഞിനെ ആശ്വസിപ്പിച്ചുകൊണ്ടിരുന്നു, ഇപ്പോൾ അവൾ സ്വയം ആശ്വസിക്കുകയാണ്. നമുക്ക് എല്ലാവർക്കും ആശ്വാസം ആവശ്യമാണ്.

ശിഷ്യന്മാരോടുള്ള യേശുവിന്റെ സന്ദേശം യോഹന്നാൻ 14-ൽ

ആരംഭിക്കുന്നതു "നിങ്ങളുടെ ഹൃദയം കലങ്ങരുത്" എന്ന ആശ്വാസ വാക്കുകളോടെയാണ് (വാക്യം 1). അദ്ധ്യായം 13 ലെ സംഭവങ്ങൾക്കും പ്രവചനങ്ങൾക്കും ശേഷം ആ സന്ദേശം ആവശ്യമാണ്. യൂദ യേശുവിനെ ഒറ്റിക്കൊടുക്കുവാൻ പോയി, ആ രാത്രി പത്രൊസ് യേശുവിനെ തള്ളിപ്പറയും, ക്രൂശ് സമീപവുമായിരിക്കുന്നു. മനുഷ്യരുടെ കാഴ്ച്ചപ്പാടിൽ, എല്ലാം "ഓരോന്നായിവരുന്നു." അദ്ധ്യായം 14 ന്റെ അവസാനം യേശു "നിങ്ങളുടെ ഹൃദയം കലങ്ങരുത്," "ഭ്രമിക്കയുമരുത്" എന്നു കൂട്ടിച്ചേർത്തു (വാക്യം 27). രണ്ടു വാക്യങ്ങൾക്കിടയിലെ "ബുക്കിന്റെ അവസാനം" അവനും ശിഷ്യന്മാർക്കും ഉണ്ടായ പ്രയാസ നാഴികയിൽ ആശ്വാസം അടങ്ങുന്നവയായിരുന്നു. ആ ഉപദേശങ്ങൾ അപ്പൊസ്തലന്മാർക്കു അവരുടെ "വിശ്വാസ യാത്രയിൽ," സഹായകരമായിത്തീർന്നു, നമുക്കു നമ്മുടെ വിശ്വാസയാത്രയിൽ അതു സഹായകരമായിത്തീരും.

യേശു ഉപയോഗിച്ച "കലങ്ങൽ" എന്ന ആശ്വസിപ്പിക്കുന്ന വാക്ക് പ്രത്യേകിച്ച് വിശ്വാസയോഗ്യമത്രേ. യോഹന്നാന്റെ സുവിശേഷത്തിൽ വേറെ മൂന്നു ഭാഗത്തുകൂടെ യേശു "കലങ്ങൽ" എന്നുപയോഗിച്ചിട്ടുണ്ട്:

> ധമേരിപ അവൾ കരയുന്നതും, അവളോടുകൂടെ വന്ന യെഹൂദന്മാർ കരയുന്നതും, യേശു കണ്ടിട്ടു ഉള്ളം നൊന്തു കലങ്ങി (11:33).
>
> "ഇപ്പോൾ എന്റെ ഉള്ളം കലങ്ങിയിരിക്കുന്നു; ഞാൻ എന്തു പറയേണ്ടു? 'പിതാവേ, ഈ നാഴികയിൽ നിന്നു എന്നെ രക്ഷിക്കേണമേ?' എങ്കിലും ഇതു നിമിത്തം ഞാൻ ഈ നാഴികയിലേക്കു വന്നിരിക്കുന്നു" (12:27).
>
> ഇതു പറഞ്ഞിട്ടു യേശു ഉള്ളം കലങ്ങി; "ആമേൻ, ആമേൻ, ഞാൻ നിങ്ങളോടു പറയുന്നു, നിങ്ങളിൽ ഒരുത്തൻ എന്നെ കാണിച്ചുകൊടുക്കും എന്നു സാക്ഷീകരിച്ചു പറഞ്ഞു" (13:21).

നിരാശയുണ്ടാകുന്ന സാഹചര്യത്തിൽ പ്രതീക്ഷിക്കാവുന്ന സാധാരണ മനോഭാവമാണ് കലങ്ങൽ. നമ്മുടെ ജീവിതത്തിൽ കാര്യങ്ങൾ തെറ്റായി നീങ്ങുമ്പോൾ ആണ് നാം കലങ്ങുന്നത്. തീർച്ചയായും, കലങ്ങുന്ന ഒരു ദിവസം ഉണ്ടായിരുന്നെങ്കിൽ, അതു യേശുവിനെ ക്രൂശിൽ തറച്ച ദിവസം ആയിരുന്നു. ഈ സംഭവത്തിൽ യേശു തന്റെ ശിഷ്യന്മാരെ തന്നിൽ ആശ്രയിക്കുവാനായി തയ്യാറാക്കി (14:1) കൂടാതെ ചില പ്രത്യേക ഉൽപ്പന്നങ്ങൾ അവർക്കു വിട്ടുകൊടുക്കുകയും ചെയ്തു.

### പ്രതീക്ഷക്കായി ഒരു ഭവനം (14:2, 3)

ഈ വാക്കുകൾ പറഞ്ഞശേഷം, ശിഷ്യന്മാരിൽ നിന്നു യേശുവിനെ പിടിപ്പാൻ അയച്ച ചേകവർ യേശുവിനെ കൊണ്ടുപോയി (8:1–12). ഇതു സംഭവിച്ചപ്പോൾ, ശിഷ്യന്മാർ ഒറ്റപ്പെട്ടു. അതുകൊണ്ടു, അവർ മനോവ്യഥയിലായി. നമ്മുടെ ബാല്യകാലത്തിൽ നമ്മെ ഉപേക്ഷിക്കയാണെ

ങ്കിൽ നാം ഏറ്റവും വലിയ ഭയത്തിലാകും. അസാധാരണമായി, അത്തരം യുക്തിരഹിതവും രോഗാവസ്ഥയിലുള്ളതുമായ അവസ്ഥ തരണം ചെയ്യുവാൻ നമുക്കു കഴികയില്ല എന്നു തോന്നുന്നു.

ഡോ. ജെയിംസ് ഡോബ്സൺ തന്റെ **"ഫോക്കസ് ഓൺ ദ ഫാമിലി"** എന്ന റേഡിയോ പ്രോഗ്രാമിൽ പ്രത്യേക അതിഥിയായി ഒരാൾ വന്നതായി പറഞ്ഞു. II-ാം ലോക മഹായുദ്ധത്തിൽ നാസിയുടെ നാമാവശേഷ ക്യാമ്പിൽ വർഷങ്ങളോളം കഴിയേണ്ടിവന്ന ഒരു റഷ്യൻ സ്ത്രീ ആയിരുന്നു അവർ. അവൾ ഡോബ്സണിന്റെ പരിപാടിക്കു വന്നപ്പോൾ, അവൾ കൂട്ടക്കൊല നടക്കുന്നതു എങ്ങനെ കണ്ടു എന്നും ആ വർഷങ്ങളിൽ അനുഭവപ്പെട്ട എല്ലാ അപഹരിക്കലും അവൾ സാക്ഷീകരിച്ചു. അതിനുശേഷം പറഞ്ഞതു അവൾ അമേരിക്കയിൽ വന്നു വിവാഹം കഴിച്ചതു എങ്ങനെ എന്നായിരുന്നു. ഖേദകരമെന്നു പറയട്ടെ, അവളുടെ ഭർത്താവു അവിശ്വസ്തനായി അവളെ ഉപേക്ഷിച്ചുപോയി. അവൾ ജർമ്മൻ മരണ പാളയത്തിൽ കഴിഞ്ഞ നാളുകളെക്കാൾ വേദനാജനകമായിരുന്നു അവളുടെ ഭർത്താവു ഉപേക്ഷിക്കയും ത്യജിക്കയും ചെയ്തപ്പോൾ ഉണ്ടായത്!

തനിയെ വിടുക എന്നതു എത്ര ഭയങ്കരം ആണെന്നു അറിഞ്ഞുകൊണ്ടു, അവന്റെ ആസന്നമായ അസാന്നിദ്ധ്യത്തെ പുതിയ ചിന്തയോടെ നേരിടുവാൻ യേശു സാഹചര്യം നല്കുന്നു. ആ സാഹചര്യത്തിൽ ഉപേക്ഷിക്കപ്പെട്ടു എന്നു വിചാരിക്കുന്നതിനുപകരം, യേശു പോകുന്നതു പിതാവിന്റെ ഭവനത്തിൽ നമുക്കു സ്ഥലം ഒരുക്കുവാനാണ് എന്നു കാണുകയാണ് വേണ്ടത് **(14:2, 3)**. യേശുവിന്റെ ഭൗതികമായ അസാന്നിദ്ധ്യത്തിൽ ചിന്തിക്കുവാൻ എത്ര മനോഹരമായ ചിന്ത!

ഇന്നു, പ്രശ്നങ്ങളാൽ, നാം ദൈവത്താൽ ത്യജിക്കപ്പെടുകയും ഉപേക്ഷിക്കപ്പെടുകയും ചെയ്തു എന്നു തോന്നുമ്പോൾ, യേശുവിനെ ക്രൂശിൽ തറക്കപ്പെടുന്ന സമയത്തു ശിഷ്യന്മാർ ഒറ്റപ്പെടുമെന്ന തോന്നലുണ്ടാകുമ്പോൾ ശിഷ്യന്മാരെ പഠിപ്പിച്ചതു നാം ഓർക്കണം: യേശു നമുക്കുവേണ്ടി സ്ഥലം ഒരുക്കുവാൻ പോയതുകൊണ്ടു ഏതെങ്കിലും ഒരു സമയത്തു അവിടെ ദൈവവുമായി വസിക്കാം എന്നാണ് നാം ഓർക്കേണ്ടത്!

## ആശ്ലേഷിക്കുവാൻ ഒരു മാർഗ്ഗം
## (14:4-11)

താൻ അവർക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു എന്നു യേശു ശിഷ്യന്മാരോടു പറഞ്ഞ ശേഷം, തോമാസ് പറഞ്ഞു, **"കർത്താവേ, നീ എവിടെ പോകുന്നു എന്നു ഞങ്ങൾ അറിയുന്നില്ല, പിന്നെ വഴി എങ്ങനെ അറിയും എന്നു പറഞ്ഞു?" (14:5)**. യേശു അതിനു, **"ഞാൻ തന്നേ വഴിയും സത്യവും ജീവനും ആകുന്നു; ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല" (14:6)**. മറ്റൊരു ശിഷ്യനായ, ഫിലിപ്പൊസ്, പിന്നെ പറഞ്ഞു, **"കർത്താവേ, പിതാവിനെ ഞങ്ങൾക്കു കാണിച്ചുതരേണം എന്നാൽ ഞങ്ങൾക്കു മതി" (14:8)**. യേശു, ഒരുപക്ഷെ, തന്റെ ഉള്ളിൽ നെടുവീർപ്പ് ഇട്ടുകൊണ്ടുപറഞ്ഞു,

“എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്നു; ...” (14:9). അവർക്കു തെറ്റിദ്ധാരണയുണ്ടെങ്കിലും, അവർ യേശുവിനോടുകൂടെ ക്രൂശിനെ അഭിമുഖീകരിക്കുവാനായി അവനിലാണ് അവർ ആശ്രയം വെക്കേണ്ടത് എന്ന് അവൻ പറഞ്ഞു.

ദൈവത്തിന്റെ അടുക്കൽ എത്തുവാൻ നാം ആഗ്രഹിക്കുന്നുണ്ടോ? അവന്റെ അടുത്ത് എത്തുവാൻ നാം ശ്രമിക്കുന്നുണ്ടോ? നമുക്കെങ്ങനെ അവന്റെ അടുക്കൽ എത്താം? “പിതാവിന്റെ അടുക്കൽ എത്തുവാനുള്ള” ഏകവഴി ക്രിസ്തുവാണെന്നു അവൻ പറഞ്ഞു. അതു ക്രൂശിക്കപ്പെടുന്നതിനു തലേ ദിവസം വാസ്തവമായിരുന്നു, ഇന്നും അതു വാസ്തവമാണ്.

തന്റെ മകളെ വിവാഹം ചെയ്തു ആരായിരിക്കും അടുത്ത രാജാവു എന്നറിയുവാൻ മത്സരം ഒരുക്കിയ രാജാവിന്റെ കെട്ടുകഥ മാക്സ് ലൂക്കാഡോ തന്റെ കുട്ടികളുടെ പുസ്തകത്തിൽ മനോഹരമായി പ്രതിപാദിക്കുന്നുണ്ട്.[1] മത്സരക്കാർ മൂന്നു വീരയോദ്ധാക്കൾ ആയിരുന്നു: ബലവാനായ കാർലിസൽ; വേഗതയുള്ള അലോൻ; ബുദ്ധിയുള്ള കാസിഡോൺ എന്നിവരായിരുന്നു. ഹോപ്നോട്ട്സ് എന്നറിയപ്പെട്ട അപകടകരമായി ശല്യപ്പെടുത്തുന്ന ആളുകൾ വസിക്കുന്നതും വിഷച്ചെടികൾ നിറഞ്ഞ ഗുഹയിൽകൂടെ കടന്നുപോകണം എന്നതായിരുന്നു അവരുടെ ദൗത്യം. കൊട്ടാരത്തിൽ ആദ്യം തിരിച്ചെത്തുന്ന വീരയോദ്ധാവാണ് രാജകുമാരിയെ വിവാഹം കഴിക്കുക എന്നതായിരുന്നു വാഗ്ദാനം. രാജാവു കൊട്ടാരത്തിന്റെ മതിലിൽ നിന്നു തന്റെ ഫ്ളൂട്ടിൽ പ്രത്യേക ട്യൂണിൽ മൂന്നു പ്രാവശ്യം വായിച്ചു അവരെ സഹായിക്കുന്നതിനു കേൾപ്പിക്കും. എങ്ങനെയായാലും, രാജാവിന്റെ ഫ്ളൂട്ട് വായിക്കുന്ന അതേ ട്യൂണിൽ ഹോപ്നോട്ട്സുകാരും യാത്രക്കാരെ തെറ്റിദ്ധരിപ്പിക്കുവാൻ ഫ്ളൂട്ട് വായിക്കും. ഓരോ യോദ്ധാവിനെയും വനത്തിൽ സഞ്ചരിക്കുന്നതിനു സഹായിക്കുവാൻ ഓരോ കൂട്ടുകാരെ അവർക്കു കൂടെ കൊണ്ടുപോകാൻ അനുവാദമുണ്ടായിരുന്നു.

മൂന്നു വീരയോദ്ധാക്കളും വിഷച്ചെടികൾ ഉള്ള വനത്തിൽ കൂടെ കൊട്ടാരത്തിലേക്കു യാത്ര തിരിച്ചു. അവസാനം, നിരീക്ഷിക്കുന്നവനായ, കാസിഡോൺ, രാജാവിന്റെ അടുക്കൽ ആദ്യം എത്തി. അവനു അതെങ്ങനെ കഴിഞ്ഞു? അയാൾ തന്റെ കൂട്ടുയാത്രക്കാരനായി രാജാവിന്റെ മകനായ രാജകുമാരനെയാണ് തിരഞ്ഞെടുത്തത്. രാജകുമാരനു തന്റെ പിതാവിന്റെ ട്യൂൺ നന്നായി അറിയാമായിരുന്നു. അവർ യാത്ര ചെയ്തപ്പോൾ, കാസിഡോൺ നന്നായി ശ്രദ്ധിച്ചു. രാജകുമാരൻ വായിച്ചു കേൾപ്പിച്ചതും ഹോപ്നോട്ട്സുകാരുടെ അനുകരണ വായനയും തമ്മിലുള്ള വ്യത്യാസം അയാൾ കേട്ടു മനസ്സിലാക്കി.

തന്റെ ശിഷ്യന്മാർ താൻ വിട്ടുപിരിയുമ്പോൾ പരിഭ്രാന്തരും, ക്രമീകരണം ഇല്ലാതെ, നിരാശരാകുകയും ചെയ്യും എന്നറിഞ്ഞു അവൻ അവർക്കു പരീക്ഷണത്തെ നേരിടുവാൻ താൻ പോകുന്നതിനു മുൻപു നിർദ്ദേശങ്ങൾ കൊടുക്കുന്നു. അവർ അവന്റെ കാൽപ്പാടുകളെ പിൻപറ്റണം, കാരണം അവൻ മാത്രമാണ് പിതാവിങ്കലേക്കുള്ള വിശ്വസനീയമായ ഏകവഴി. ഇന്നും യേശുവിന്റെ സന്ദേശം അതുതന്നെയാണ്.

നമ്മുടെ പ്രതിസന്ധിയിൽ നാം അവനെ നോക്കി നടക്കുവാനാണ് അവൻ ആഹ്വാനം ചെയ്തിരിക്കുന്നത്. തത്വത്തിൽ അവൻ പറയുന്നത്, "എന്നെ അനുഗമിക്ക! നിങ്ങൾക്കു കാണുവാൻ കഴിയാത്ത കൊടുങ്കാറ്റ് അടിച്ചാലും, അതു നിങ്ങൾക്കു മനസ്സിലായില്ലെങ്കിലും, നിങ്ങൾക്കു വലിയ സംശയം നേരിട്ടാലും – നിങ്ങളുടെ ഇരുണ്ട നാഴികയിൽ എന്നെ അനുഗമിക്ക. അങ്ങനെ നിങ്ങൾ പിതാവിന്റെ അടുക്കൽ എത്തിയതായി കാണാൻ കഴിയും!"

## ഒരു അനുഭവസാന്നിദ്ധ്യം
## (14:12-14)

രാത്രിയിൽ തനിച്ചുകിടന്നുറങ്ങുവാൻ ഭയമുണ്ടായ കുട്ടികൾ അതു തങ്ങളുടെ രക്ഷകർത്താക്കളോടു പറയുന്ന സംഭവങ്ങളാണ് കുട്ടികളുടെ കഥകളിൽ എനിക്ക് ഇഷ്ടപ്പെട്ടത്. ഒരു പെൺകുട്ടിയുടെ രക്ഷകർത്താക്കൾ, അവളോടു, ദൈവം സൂക്ഷിക്കുവാനായി ഉണ്ടാകും അതുകൊണ്ടു സമാധാനമായി കിടന്നുറങ്ങുവാൻ പറഞ്ഞു. ആ ആശ്വാസവാക്കുകളിൽ തൃപ്തയാകാതെ അവൾ പറഞ്ഞു, "അതു ശരിയായിരിക്കാം, പക്ഷെ ഇന്നു രാത്രി ആരെങ്കിലും എന്റെ കൂടെ കിടക്കണം!" മറ്റൊരു കുട്ടിവന്നു തനിക്കു ഒറ്റക്കു കിടന്നുറങ്ങുവാൻ ഭയമാണെന്നു രക്ഷകർത്താക്കളോടു പറഞ്ഞു. അവന്റെ അപ്പൻ അവനോടു, ദൈവം നിന്റെ മുറിയിൽ നിന്നോടൊപ്പം ഉണ്ട്, അതുകൊണ്ടു ഭയപ്പെടേണ്ട എന്നുപറഞ്ഞു. ഈ കുട്ടിയും, അതുപോലെ, വിശദീകരണത്തേക്കാൾ കൂടുതൽ ആവശ്യപ്പെട്ടു. അവൻ അപ്പനോടു, "അപ്പനു ദൈവത്തോടുകൂടെ കിടന്നുകൊണ്ട്, മമ്മിയെ എന്റെ കൂടെ കിടക്കുവാൻ അനുവദിച്ചുകൂടെ?" എന്നുചോദിച്ചു.

കലങ്ങിയിരുന്ന ശിഷ്യന്മാരെ ആശ്വസിപ്പിപ്പാനായി യേശു മൂന്നാമതായി പറഞ്ഞതു താൻ അവരുടെ ജീവിതത്തിൽ തുടർന്നും വസിക്കും എന്ന വാഗ്ദാനമായിരുന്നു. അവന്റെ നാമത്തിൽ ചോദിക്കുന്നതെല്ലാം നല്കും, പിന്നീടു താൻ ചെയ്തതിനേക്കാൾ ശ്രേഷ്ഠമായ കാര്യങ്ങൾ ചെയ്യുമെന്നും അവൻ വാഗ്ദാനം ചെയ്തു (14:12-14)! അവരെ സഹായിക്കുന്നതിനോ ആശ്വസിപ്പിക്കുന്നതിനോ അവന്റെ ഭൗതിക അസാന്നിധ്യം തടസമാവുകയില്ല എന്നു വ്യക്തമാക്കി. അവരുടെ ഏറ്റവും വിഷമമേറിയ ഘട്ടത്തിൽ പോലും അവനിൽ ആശ്രയിക്കാവുന്ന വാഗ്ദാനം ആയിരുന്നു.

## ഒരു സഹായിയെ പ്രതീക്ഷിക്കാം
## (14:16-18, 25, 26)

കുറഞ്ഞോന്നു കഴിഞ്ഞിട്ടു താൻ "ദൂരെ പോകേണം" എന്നു അവൻ തന്റെ ശിഷ്യന്മാരോടു ഒന്നിലധികം പ്രാവശ്യം പറഞ്ഞു.[2] എങ്ങനെയായാലും, അവന്റെ പുറപ്പെട്ടുപോകൽ അവരെ അനാഥരാക്കിവിടുകയില്ല (14:18). തന്റെ സ്ഥാനത്തു അവർക്കു ഒരു "കാര്യസ്ഥനെ" അയക്കും എന്നു പറഞ്ഞു (14:16, 26).[3] "കാര്യസ്ഥൻ" എന്നതിനു ഉപയോഗിച്ച ഗ്രീക്കുവാക്കിന്റെ അർത്ഥം "കൂടെ വരുന്നവൻ" എന്നാണ്.

ഒരാൾക്ക് വേണ്ടി മറ്റൊരാൾ കോടതിയിൽ വരുന്ന ആളാണല്ലോ അഭി ഭാഷകൻ. മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ആവശ്യത്തിൽ സഹായി ക്കുന്ന ആൾ. ഇതെല്ലാം പറയുന്നതു പരിശുദ്ധാത്മാവിനെ കുറിച്ചാണ് (14:26) അവനെയാണ് അവൻ പോയശേഷം ശിഷ്യന്മാരിൽ അയക്കു മെന്നു പറഞ്ഞത്.

യേശുവിനെപോലെ, പരിശുദ്ധാത്മാവു ദൈവം ആകയാൽ, പരി ശുദ്ധാത്മാവിനെ "അതു" എന്നു പറയാതെ "അവൻ" എന്നാണ് പറ ഞ്ഞിരിക്കുന്നത്. അവൻ ഇന്നു സഭയിൽ വസിക്കുന്നു (1 കൊരിന്ത്യർ 3:16). വ്യക്തികളായ ക്രിസ്ത്യാനികളിലും വസിക്കുന്നു (1 കൊരിന്ത്യർ 6:19). നമ്മെ ക്രിസ്തുവിനോടു കൂടുതൽ അനുരൂപമാക്കുന്ന ശക്തി യാണ് അവൻ (2 കൊരിന്ത്യർ 3:18), ആത്മാവിന്റെ ഫലം പുറപ്പെടുവി ക്കയും ചെയ്യും (ഗലാത്യർ 5:22, 23). യേശു തന്റെ ശിഷ്യന്മാരോടു വാഗ്ദാനം ചെയ്തതുപോലെ തന്നെ, ദൈവജനത്തിനു പരിശുദ്ധാ ത്മാവു സഹായവും ആശ്വാസവുമാകുന്നു. ആത്മാവു നമ്മോടൊപ്പം ഉള്ളതുകൊണ്ടു, നമ്മിലും, നമ്മുക്കിടയിലും ഉള്ളതുകൊണ്ട് യേശു ഈ ലോകത്തിൽ ഇല്ലെങ്കിലും നാം "ആത്മീയ അനാഥർ" അല്ല.

ജി. കെ. ചെസ്റ്റെർട്ടനോടു ഒരിക്കൽ ഒരു ന്യൂസ് റിപ്പോർട്ടർ രണ്ടു പേർ ലണ്ടനിലെ ഒരു വഴിയിൽ നില്ക്കുമ്പോൾ ചോദിച്ചു, "സർ, നിങ്ങൾ അടുത്ത സമയത്തു ക്രിസ്ത്യാനിയായിത്തീർന്നു എന്നു കേട്ടല്ലോ. ഞാൻ ഒരു ചോദ്യം ചോദിക്കട്ടെ?" ചെസ്റ്റെർട്ടൻ മറുപടി പറഞ്ഞു, "തീർച്ചയായും." ആ മനുഷ്യൻ ചോദിച്ചു, "ഉയിർത്തെഴുന്നേറ്റ ക്രിസ്തു, പെട്ടെന്നു നിങ്ങൾക്കു മുൻപിൽ പ്രത്യക്ഷനായാൽ ഈ നിമിഷം നിങ്ങൾ എന്തുചെയ്യും?" ചെസ്റ്റെർട്ടൻ പറഞ്ഞു, "ഇപ്പോൾ ഉണ്ടല്ലോ."

പരിശുദ്ധാത്മ വ്യക്തിയിൽ യേശു ഇന്നു നമ്മോടൊപ്പം ഉണ്ട്. നമ്മെ തനിച്ചു വിട്ടിട്ടില്ല; നാം ആത്മീയ അനാഥരല്ല. നമുക്കു ആദ്യ ശിഷ്യ ന്മാരെ പോലെ കലങ്ങിയ ലോകത്തിൽ അത്ഭുതാവഹമായ ആശ്വാസം ഉണ്ടാകും.

## അനുസരിക്കുവാൻ ഒരു കല്പന
## (14:15, 20, 21, 23, 24, 31)

യേശു തന്റെ ശിഷ്യന്മാർക്കു നല്കിയ മറ്റൊരു ആശ്വാസ ഉറവിടം നിരവധി കല്പനകളാണ്. കല്പനകൾ ആശ്വസിപ്പിക്കുന്നവയാണെന്നു നാം കരുതുന്നില്ലെങ്കിലും, ദൈവം നമ്മിൽ നിന്നു പ്രതീക്ഷിക്കുന്നതെ ന്തെന്നു അവ നമ്മെ മനസ്സിലാക്കിതരുന്നു. അത് അറിയുന്നതുകൊണ്ടു നമുക്കു ഉറപ്പുണ്ടാകും.

യോഹന്നാൻ 14-ൽ വീണ്ടും, യേശു തന്റെ അനുയായികളെ തന്റെ കല്പനകൾ പ്രമാണിക്കേണം എന്നു പറയുകയുണ്ടായി. ചിലർ വിചാ രിക്കുന്നതു അത്തരം ഭാഷ സ്നേഹമില്ലാത്തതുകൊണ്ടാണ് എന്നത്രേ. എങ്ങനെയായാലും, സ്നേഹവും അനുസരണവും അന്യോന്യം വേറിട്ടു നില്ക്കുന്നതാണെന്നു യേശു കണ്ടില്ല. പകരം, അവൻ പറ ഞ്ഞു, "എന്റെ കല്പനകൾ ലഭിച്ചു പ്രമാണിക്കുന്നവൻ എന്നെ സ്നേഹി ക്കുന്നവൻ ആകുന്നു, ..." (14:21). ദൈവത്തോടുള്ള സ്നേഹം പ്രകടി

പ്പിക്കുന്നതു അനുസരണത്താലാണ്.

യേശുവിനു അനുസരണം ക്രൂശിൽ മരിക്കുകയായിരുന്നു (14:31). യോഹന്നാൻ 13 മുതൽ 19 വരെ രേഖപ്പെടുത്തിയിരിക്കുന്നതു രാത്രിയിൽ നീണ്ട പരിശ്രമശേഷമായിരുന്നു യേശുവിനെ പിടിച്ചത്. അടുത്ത ദിവസം സർവ്വലോകത്തിന്റേയും പാപത്തിനായി അവൻ ക്രൂശിൽ തറയ്ക്കപ്പെട്ടു. അവൻ തന്റെ ശിഷ്യന്മാരെ അനുസരണത്തിന്റെ പ്രാധാന്യം പഠിപ്പിച്ചതു വാക്കുകളാൽ മാത്രമായിരുന്നില്ല, മാതൃക കാണിച്ചു കൊണ്ടുമായിരുന്നു. അനുസരണത്താലാണ് നാം ദൈവത്തെ സ്നേഹിക്കേണ്ടത്.

**ഉപസംഹാരം**

തന്റെ പ്രസംഗം തുടർന്നുകൊണ്ടു യേശു പറഞ്ഞു, "സമാധാനം ഞാൻ നിങ്ങൾക്കു തന്നേച്ചു പോകുന്നു; എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു; ലോകം തരുന്നതുപോലെ അല്ല ഞാൻ നിങ്ങൾക്കു തരുന്നതു, നിങ്ങളുടെ ഹൃദയം കലങ്ങരുത്, ഭ്രമിക്കയുമരുത്" (14:27). "നിങ്ങളുടെ ഹൃദയം കലങ്ങരുത്" എന്നു പറഞ്ഞുകൊണ്ടാണ് ഈ അദ്ധ്യായം ആരംഭിക്കുന്നത്, അവസാനിപ്പിക്കുന്നതു സമാധാനം വാഗ്ദാനം ചെയ്തുകൊണ്ടാണ്. സമാധാനം നമ്മളെല്ലാം ആഗ്രഹിക്കുന്നതാണ്, പക്ഷെ പലപ്പോഴും നമുക്കു നിർവ്വചിക്കുവാൻ കഴിയുന്നില്ല. പലപ്പോഴും നാം സമാധാനത്തെ നിഷേധവാക്കുകളാലാണ് വിവരിക്കുന്നത്; യുദ്ധമില്ലാത്ത അവസ്ഥ, സമാധാനമാണെന്നു, നാം ചിന്തിക്കുന്നു, അതുപോലെ കഷ്ടതയും, വേദനയും, നഷ്ടവും ഇല്ലാത്തതാണെന്നു നാം കരുതുന്നു. എങ്ങനെയായാലും, യേശു പറഞ്ഞ സമാധാനം കൂടുതൽ ക്രിയാത്മകവാക്കുകളാലാണ്; അതു ദൈവസാന്നിധ്യമാണ്. നിങ്ങൾ ഏതുവിധത്തിലാണ് സമാധാനത്തെ കാണുന്നത്?

യേശു തരുന്ന സമാധാനം കള്ളന്മാർ കവർന്നുകളയുകയോ, കുലപാതകിക്കു നശിപ്പിക്കുവാനോ അല്ലെങ്കിൽ രാത്രിയിൽ അപകടം സംഭവിച്ചു എന്ന ഒരു ഫോൺ വിളിയാലോ ഇല്ലാതാകുന്നതല്ല. ക്രിസ്തുവിന്റെ സമാധാനം ദൈവസാന്നിദ്ധ്യമാണ്. അവന്റെ സമാധാനം സദൃശവാക്യങ്ങൾ 31:25-ൽ പറയുന്ന "സാമർത്ഥ്യമുള്ള സ്ത്രീയെ" പോലെയാണ്: "ബലവും മഹിമയും അവളുടെ ഉടുപ്പു, ഭാവികാലം ഓർത്തു അവൾ പുഞ്ചിരിക്കുന്നു." നാമും, അതുപോലെ, ദൈവം നമ്മോടുകൂടെ ഉണ്ടെന്നറിഞ്ഞാൽ, അനിശ്ചിതമായ ഭാവിയെക്കുറിച്ചു ഓർത്തു പുഞ്ചിരിക്കാം.

യേശു ഈ ആശ്വാസവാക്കുകൾ ശിഷ്യന്മാർക്കു നല്കിയപ്പോൾ, അവർക്കു നേരിടുവാനിരുന്നതു കുഴപ്പവും, ഭീതിയും, അവന്റെ മരണവുമായിരുന്നു. ഇന്നു ഞാനും നിങ്ങളും ... നാം എന്താണ് നേരിടുവാനിരിക്കുന്നത് എന്നു അറിയുന്നില്ല. അറിയുന്നുണ്ടോ? നാം ജീവിതത്തിന്റെ അനിശ്ചിതപാതയിലൂടെ സഞ്ചരിക്കുമ്പോൾ, നാമും "വിശ്വാസയാത്ര" തുടരണം. ഭാവിയിൽ എന്തു തന്നെ വന്നാലും - അവൻ തന്റെ ശിഷ്യന്മാരോടു വാഗ്ദാനം ചെയ്തതുപോലെ - നമുക്കും ഒരുക്കിയിരിക്കുന്നതുകൊണ്ടു - ക്രിസ്ത്യാനികളായ നമുക്കു "ഭാവിയെ

ഓർത്തു  പുഞ്ചിരിക്കാം”!

---

കുറിപ്പുകൾ

[1]മാക്സ് ലുകാഡോ, *ടെൽ മീ ദ സീക്രെറ്റ്സ്* (വീറ്റൊൺ, Ill..: ക്രോസ്‌വേ ബുക്സ്, 1993), 28–30. [2]നോക്കുക 13:33, 36; 14:2. [3]“കാര്യസ്ഥൻ” എന്നത് “ഉപദേശകൻ” എന്നും തർജ്ജിമ ചെയ്യാൻ കഴിയും (എൻഐവി), “ആശ്വാസകൻ” (കെജെവി), അല്ലെങ്കിൽ “അഭിഭാഷകൻ” (എൻആർഎസ്‌വി).

© 2009 Truth for Today